## ഉൽപ്പാദന സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ കൈത്താങ്ങൽ - സംരംഭകത്വ സഹായ പദ്ധതി

**ലോറൻസ് മാത്യു , ADIO Ponnani**

**9446367985**

സംരംഭകർക്ക് എക്കാലവും സഹായകരമായി വർത്തിക്കുന്ന ഒരു വകുപ്പാണ് കേരളാ വ്യവസായ വാണിജ്യ വകുപ്പ്. ഒരു ലൈസൻസിങ്ങ് ഡിപ്പാർട്ട്മെന്റ് അല്ലായിത്. എന്നാൽ സംരംഭകർക്ക് വിവിധങ്ങളായ സബ്സിഡികൾ നൽകുന്ന ഒരു ഡിപ്പാർട്ട്മെന്റ് ആണിത്. വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു പ്രധാന സബ്സിഡി സ്കീം ആണ് സംരംഭകത്വ സഹായ പദ്ധതി **(Entrepreneurs' Support Scheme).** പേര് സൂചിപ്പിക്കുന്നത് പോലെ ഇത് ഒരു സഹായ പദ്ധതി ആണ്. അല്ലാതെ ലോൺ സ്കീം അല്ല. വ്യവസായ വകുപ്പ് ആർക്കും ലോൺ നൽകുന്നില്ല.

### ആർക്കാണ് ഈ പദ്ധതി

കേരള സംസ്ഥാനത്തുള്ള ഉൽപ്പാദന വ്യവസായങ്ങൾക്ക് വേണ്ടിയാണ് ഈ പദ്ധതി. ആകെ പദ്ധതിയുടെ 30 ശതമാനം മൈക്രോ സംരംഭങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്നു.

### പ്രത്യേകതൾ

- ഉൽപ്പാദന സംരംഭങ്ങളുടെ സ്ഥിര നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്നതിനായിട്ടാണ് ഈ പദ്ധതി.
- പ്രവർത്തന മൂലധനത്തിന് ഇത് പ്രകാരം സബ്സിഡിക്ക് അർഹതയില്ല.
- നിലവിലുള്ള സംരംഭങ്ങൾക്കും പുതിയ സംരംഭങ്ങൾക്കും സബ്സിഡിക്ക് അർഹതയുണ്ട്

### എന്തൊക്കെയാണ് സ്ഥിര നിക്ഷേപമായി കണക്കാക്കുന്നത്

താഴെപ്പറയുന്നവയൊക്കെ സ്ഥിര നിക്ഷേപമായി കണക്കാക്കാവുന്നതാണ്.

- സ്ഥലം
- സ്ഥലം ഒരുക്കൽ
- കെട്ടിടം
- ഓഫീസ് ഉപകരണങ്ങൾ
- യന്ത്ര സാമഗ്രികൾ
- വയറിങ്ങ്
- ജനറേറ്ററും അനുബന്ധ ഉപകരണങ്ങളും
- ഇൻവെർട്ടർ
- മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ
- പരിശോധന ഉപകരണങ്ങൾ

### എത്രയാണ് സഹായം ലഭ്യമാവുക

- സംസ്ഥാനത്ത് ഉൽപ്പാദന വ്യവസായം തുടങ്ങുന്ന ആർക്കും സ്ഥിര നിക്ഷേപത്തിന്റെ 15 ശതമാനം സബ്സിഡിക്ക് അർഹതയുണ്ടാകും. എന്നാലിത് പരമാവധി 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു.

- എന്നാൽ എസ്/എസ് ടി വിഭാഗത്തിൽ പെടുന്നവർ, സ്ത്രീകൾ, 45 വയസ്സിൽ താഴെയുള്ളവർ, വിദേശ മലയാളികൾ എന്നിവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25 ശതമാനം സബ്സിഡിക്ക് അർഹതയുണ്ടാകും. എന്നാലിത് പരമാവധി 40 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. അതായത് 10 ശതമാനം അധിക സബ്സിഡി ലഭിക്കുന്നതാണ്.

- ❖ മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക് 10 ശതമാനം അധിക സബ്സിഡിക്ക് അർഹതയുണ്ടായിരിക്കും. അതായത് 35 ശതമാനം പരമാവധി 40 ലക്ഷം എന്ന രീതിയിലായിരിക്കും സബ്സിഡി.
- ❖ പിന്നോക്ക ജില്ലകളായ വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട എന്നിവിടങ്ങളിൽ തുടങ്ങുന്ന യൂണിറ്റുകൾക്ക് 10 ശതമാനം അധികം സബ്സിഡി ലഭിക്കുന്നതാണ്. 45 ശതമാനം, പരമാവധി 40 ലക്ഷം രൂപ എന്ന നിലക്കായിരിക്കും സബ്സിഡി ലഭ്യമാവുക.
- ❖ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദ്യക്കും 10 ശതമാനം അധിക സബ്സിഡിക്കു അർഹതയുണ്ട്.

**മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾ**

- ○ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
- ○ കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ
- ○ റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ
- ○ പാരമ്പര്യേത ഊർജ്ജ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങളും ഉൽപ്പന്നങ്ങളും
- ○ ബയോ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ
- ○ മണ്ണിൽ ലയിക്കുന്ന പ്ലാസ്റ്റിക് വ്യവസായങ്ങൾ
- ○ പുനരുജ്ജിവിപ്പിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ
- ○ ജൈവ വള നിർമ്മാണ യൂണിറ്റുകൾ
- ○ 100 ശതമാനം കയറ്റ്മതി അധിഷ്ഠിത വ്യവസായങ്ങൾ
- ○ ഔഷധ- ആരോഗ്യ പരിപാലന ഉത്പന്ന വ്യവസായങ്ങൾ

**അപേക്ഷ ഘട്ടങ്ങൾ**

3 ഘട്ടങ്ങളിലായി ഈ സബ്സിഡിക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്റ്റാർട്ട് അപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട് എന്നിങ്ങനെയാണ് ഈ ഘട്ടങ്ങൾ.

സംരംഭം ആരംഭിക്കുന്നതിന് മുൻപായി സ്റ്റാർട്ടപ്പ് സപ്പോർട്ടിനപേക്ഷിക്കാവുന്നതാണ്. വ്യവസായ വകുപ്പ് അംഗീകരിച്ച പ്രൊജക്ട് സഹിതം ബാങ്കിൽ അപേക്ഷ സമർപ്പിക്കുകയും ബാങ്ക് വായ്പ അനുവദിക്കുകയും ചെയ്തവർക്കാണ് ഈ സഹായം ലഭ്യമാവുക. ഒരു സംരംഭത്തിന് ലഭ്യമായ സബ്സിഡിയുടെ 50 ശതമാനം ആണ് സ്റ്റാർട്ടപ്പ് സഹായമായി ലഭ്യമാവുക. പരമാവധി 3 ലക്ഷം രൂപയാണ് ഇത് വഴി ലഭ്യമാകുന്നത്. സ്റ്റാർട്ടപ്പ് സഹായം നേടിയ സംരംഭകർ ഒരു വർഷത്തിനുള്ളിൽ തങ്ങളുടെ സംരംഭം ആരംഭിക്കേണ്ടതാണ്. ഇവർക്ക് പിന്നീട് ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്കും ടെക്നോളജി സപ്പോർട്ടിനും അപേക്ഷിക്കാവുന്നതാണ്. പ്രാരംഭ സഹായം ആവശ്യമില്ലാത്ത യൂണിറ്റുകൾക്ക്, പ്രവർത്തനം ആരംഭിച്ച ശേഷം മുഴുവൻ സബ്സിഡിയ്ക്കും അപേക്ഷ നൽകാം.

ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിനുള്ള അപേക്ഷ സംരംഭം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ മതിയായ കാരണം ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞാൽ 2 വർഷം കൂടി ഇത് നീട്ടിക്കിട്ടാവുന്നതാണ്. സംരംഭം വിപുലീകരിക്കുന്നതിനോ, മോഡേണൈസ് ചെയ്യുന്നതിനോയൊക്കെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് വഴി ആരംഭിക്കുവാൻ കഴിയും. പക്ഷേ ഇങ്ങനെ അപേക്ഷിക്കുമ്പോൾ മുൻപുണ്ടായിരുന്നതിൽ നിന്നും നിക്ഷേപവും ഉൽപ്പാദനവും 25 ശതമാനം കൂടേണ്ടതുണ്ട്. ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിന് ബാങ്ക് ലോൺ നിർബന്ധമല്ല. എന്നാൽ നിക്ഷേപം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

അംഗീകൃതമായ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാങ്കേതിക വിദ്യക്കും സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. പുതിയ സാങ്കേതിക വിദ്യ സ്ഥാപിച്ച് 6 മാസത്തിനുള്ളിൽ അപേക്ഷിക്കേണ്ടതുണ്ട്.

**മറ്റു പ്രധാന വിവരങ്ങൾ**

സ്ഥലം അത് സ്ഥാപന ഉടമയുടെ പേരിൽ ആണെങ്കിലേ സബ്സിഡിക്ക് പരിഗണിക്കുവാൻ കഴിയുകയുള്ളു. സ്ഥലത്തിന്റെ ഫെയർ വാല്യൂ, ആധാരത്തിലെ വില (രെജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഉൾപ്പെടെ) ഇവയിൽ കുറഞ്ഞ വിലയാണ് സ്ഥല വിലയായി പരിഗണിക്കുന്നത്. സ്ഥലം ലീസിനാണെങ്കിൽ 10 വർഷത്തേക്കുള്ള ലീസ് വാല്യൂ ആണ് പരിഗണിക്കുന്നത്. എന്നാലിത് ഫെയർ വാല്യൂവിന്റെ 20 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

സ്ഥലം ഒരുക്കുന്നത് പരിഗണിക്കണമെങ്കിൽ ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു സിവിൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. സ്ഥലം ഒരുക്കലിനുള്ള ചിലവ് സ്ഥല വിലയുടെ പരമാവധി 25 ശതമാനം മാത്രമേ പരിഗണിക്കുകയുള്ളു.

കെട്ടിടത്തിനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു സിവിൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയെങ്കിൽ മാത്രമേ അത് പരിഗണിക്കുവാൻ കഴിയുകയുള്ളു. ലീസിനാണ് എടുക്കുന്നതെങ്കിൽ ആയത് 10 വർഷത്തേക്ക് ആയിരിക്കണം.

കമ്പ്യൂട്ടർ, ഫർണീച്ചറുകൾ തുടങ്ങിയ അത്യാവശ്യമുള്ള ഓഫീസ് ഉപകരണങ്ങളും സബ്സിഡിക്ക് പരിഗണിക്കാവുന്നതാണ്. എന്നാലിത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു മെക്കാനിക്കൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

സ്ഥലം, സ്ഥലം ഒരുക്കൽ, കെട്ടിടം, ഓഫീസ് ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപം ആകെ നിക്ഷേപത്തിന്റെ 50 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

പ്രവർത്തനത്തിനാവശ്യമായ എല്ലാ യന്ത്ര സാമഗ്രികൾക്കും ഒപ്പം ഫാബ്രിക്കേറ്റ് ചെയ്ത യന്ത്രങ്ങൾക്കും സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഫാബ്രിക്കേറ്റ് ചെയ്ത യന്ത്രങ്ങൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു മെക്കാനിക്കൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന വേസ്റ്റ് വാട്ടർ റിസൈക്ളിങ്ങ് പ്ലാന്റുകളും സബ്സിഡിക്ക് പരിഗണിക്കാവുന്നതാണ്. എന്നാൽ ഇത് എന്നാലിത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു മെക്കാനിക്കൽ/സിവിൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

വിവിധ ടെസ്റ്റുകൾക്കുപയോഗിക്കുന്ന ഉപകരണങ്ങൾക്കും സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാലിത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു മെക്കാനിക്കൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള എല്ലാ മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്കും സബ്സിഡിക്ക് അപേക്ഷിക്കുവാൻ കഴിയും. എന്നാലിത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു മെക്കാനിക്കൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

ട്രാൻസ് ഫോർമർ, ജനറേറ്റർ ഉൾപ്പടെയുള്ളവക്കും ഒപ്പം വൈദ്യുതീകരണം എന്നിവയ്ക്കെല്ലാം സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഇത് 50000 രൂപക്ക് മുകളിലായാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഒരു ഇലക്ട്രിക്കൽ എഞ്ചിനിയർ അല്ലെങ്കിൽ ഒരു ചാർട്ടേഡ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

ആകെ നിക്ഷേപം ഒരു ലക്ഷം രൂപയിൽ താഴെയാണെങ്കിൽ വ്യവസായ വികസന ഓഫീസറിൽ കുറയാത്ത വ്യവസായ വാണിജ്യ വകുപ്പിലെ ഒരു ഓഫീസറുടെ വാല്യുവേഷൻ മതിയാകും.

പഴയ യന്ത്രങ്ങൾക്ക് സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**നെഗറ്റീവ് ലിസ്റ്റിൽ വരുന്ന സംരംഭങ്ങൾ**

സേവന സംരംഭങ്ങൾ, ഫോട്ടോ സ്റ്റുഡിയോയും, കളർ പ്രോസസ്സിങ്ങും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണമല്ലാതെയുള്ള തയ്യൽ യൂണിറ്റുകൾ, മദ്യനിർമാണ ശാലകളും ഡിസ്റ്റിലറികളും, തടി മിൽ,

സോപ്പിന്റെ ഗ്രേഡിലുള്ള സോഡിയം സിലിക്കേറ്റ്, ആസ്ബസ്റ്റോസ് സംസ്കരണം, ഗ്രാനൈറ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള മെറ്റൽ ക്രഷറുകൾ, സ്റ്റീൽ റീറോളിങ്ങ് മില്ലുകൾ, ഇരുമ്പ്, കാത്സ്യം കാർബൈഡ് നിർമ്മിക്കുന്ന യൂണിറ്റുകൾ, ഫ്ളൈ ആഷിൽ നിന്നും സിമന്റ് നിർമ്മിക്കുന്നവയൊഴികെ സിമന്റ് ഉത്പാദിപ്പിക്കുന്ന മറ്റ് യൂണിറ്റുകൾ, പൊട്ടാസ്യം ക്ലോറേറ്റ് നിർമ്മാണ യൂണിറ്റുകൾ, വൻ തോതിൽ ഊർജ്ജം ഉപയോഗിക്കുന്ന യൂണിറ്റുകൾ.

ഇവക്കൊന്നും ഈ പദ്ധതി വഴി സഹായ ലഭ്യമല്ല.

**എങ്ങനെ അപേക്ഷിക്കാം**

ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. https://ess.kerala.gov.in/login എന്ന ലിങ്ക് വഴി അപേക്ഷിക്കാവുന്നതാണ്. തുടർന്ന് 1105 രൂപ ഫീസോടു (ഇത് കാലാ കാലങ്ങളിൽ മാറ്റം വരാം) കൂടി അപേക്ഷയും അനുബന്ധ രേഖകളും താലൂക്ക് വ്യവസായ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവിരങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായോ താലൂക്ക് വ്യവസായ ഓഫീസുകളുമായോ ബന്ധപ്പെടുക.